(സി) സംസ്ഥാനത്തിലെ നദികളിലും തോടുകളിലും കൂടി ഒഴുകി നഷ്ടമാകുന്ന ജലം തടഞ്ഞു നിർത്തി പരമാവധി ഉപയോഗിക്കുന്നതിന് പ്രായോഗികത കണക്കിലെടുത്ത് തടയണകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തുകോടി രൂപ വകയിരുത്തിക്കൊണ്ട് സർക്കാർ മഴവെള്ള സംഭരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ 2 കോടി മഴവെള്ളക്കുഴികളുടെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. വീടിന്റെ മേൽക്കൂരയിലും തൊടികളിലും പെയ്തിറങ്ങുന്ന വെള്ളം ചെറിയ ചെറിയ കുഴികളുണ്ടാക്കി സംഭരിച്ചു നിർത്തുന്ന ജലനിധി പദ്ധതി ആരംഭിച്ചുകഴിഞ്ഞു. കോൺക്രീറ്റ് ഭവനങ്ങളിൽ മഴവെള്ളം ടാങ്കുകളിൽ സംഭരിച്ച് വീട്ടാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് മഴവെള്ള സംഭരണികൾ നിർബന്ധിതമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലും വിദ്യാലയങ്ങളിലും മഴവെള്ള സംഭരണത്തിനുള്ള വർഷ പദ്ധതി നടപ്പാക്കുവാനും ഉദ്ദേശിക്കുന്നു.

കുടിവെള്ള ക്ഷാമവും പരിഹാരമാർഗ്ഗവും

27 [190] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുമ്പെങ്ങുമില്ലാത്ത രൂക്ഷമായ വരൾച്ച നേരിട്ട ഈ വർഷം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിരുന്നോ;

(ബി) സംസ്ഥാനത്തെ ജലസേചന പദ്ധതി അണക്കെട്ടുകളുടെ സംഭരണ ശേഷി കുറഞ്ഞുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ശുദ്ധജല സംഭരണികളായ പൊതുകുളങ്ങളും കിണറുകളും വേണ്ട രീതിയിൽ ശുചിത്വപൂർവ്വം സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) വടക്കാഞ്ചേരി, ചേലക്കര മണ്ഡലങ്ങളിലെ 5 പഞ്ചായത്തുകളിലേക്ക് ശുദ്ധജലമെത്തിക്കാൻ ഉദ്ദേശിച്ചുള്ള കടങ്ങോട് ശുദ്ധജല പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(എഫ്) ഇതു പൂർത്തിയാക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വരൾച്ചമൂലമുണ്ടായ കുടിവെള്ളക്ഷാമം നേരിടുന്നതിനായി ദുരിതാശ്വാസ പദ്ധതിപ്രകാരം കേരള വാട്ടർ അതോറിറ്റിയും ഭൂജലവകുപ്പും പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സമഗ്രമായ പഠനമൊന്നും നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) കേരളാ വാട്ടർ അതോറിറ്റി കുടിവെള്ളസ്രോതസ്സായി ഉപയോഗിക്കുന്ന ജലസംഭരണികൾ അറ്റകുറ്റപ്പണികൾ നടത്തിയും അണുവിമുക്തമാക്കിയും സംരംക്ഷിച്ചുവരുന്നു. വരൾച്ചയെ നേരിടുന്നതിനെടുത്ത ഹ്രസ്വകാല പദ്ധതികളുടെ ഭാഗമായി ഇതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികൾ അംഗീകാരം നൽകുന്ന മുറയ്ക്ക് പൊതുകുളങ്ങളുടെയും കിണറുകളുടെയും സംരക്ഷണ നടപടികൾ ജലസേചന വകുപ്പും സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ വെൽ-കം-പമ്പ് ഹൗസിന്റെ പണി പൂർത്തിയായി. ട്രാൻസ്ഫോർമർ, മോട്ടോർ, പമ്പിംഗ് മെയിൻ എന്നിവയുടെ പണികൾ കഴിഞ്ഞിട്ടുണ്ട്. വിവിധ പഞ്ചായത്തുകളിലേക്കുള്ള സർവീസ് ടാങ്കുകളുടെ പണിയും പൂർത്തിയായി. വരവൂർ പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിൻ പൂർത്തിയായിട്ടുണ്ട്. എരുമപ്പെട്ടി പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പണി പൂർത്തിയായിവരുന്നു. വിതരണ ശൃംഖലയുടെ പണി 35 ശതമാനം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാവുന്നതാണ്.

(എഫ്) മുന്നു മാസങ്ങൾക്കുള്ളിൽ വരവൂർ, എരുമപ്പെട്ടി എന്നീ പഞ്ചായ ത്തുകളിലേക്ക് ശുദ്ധജലം ലഭ്യമാക്കിക്കൊണ്ട് ടി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

വരൾച്ചയോടനുബന്ധിച്ചുള്ള ജല ദൗർലഭ്യം

28 [191] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ വരൾച്ചയോടനുബന്ധിച്ചുള്ള ജലദൗർലഭ്യത്തിന്റെ ഭാഗമായി എത്ര തടയണകൾ നിർമ്മിക്കുന്നതിനും പൊതുകുളങ്ങൾ വൃത്തിയാക്കുന്നതിനും അനുമതി നൽകിയിരുന്നു;

(ബി) ഇതിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ എത്ര തടയണകൾ നിർമ്മിക്കുകയും എത്ര പൊതുകുളങ്ങൾ വൃത്തിയാക്കുകയും ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) കഴക്കൂട്ടം ചെറുകിട ജലസേചന ഡിവിഷന്റെ കീഴിൽ എത്ര വർക്കു കൾക്ക് അനുമതി ലഭിക്കുവാനുണ്ട്; ഇവ ഏതൊക്കെയെന്നും ഇവയ്ക്ക് എന്ന ത്തേക്ക് അനുമതി ലഭിക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 54 സ്ഥിരം തടയണകളും 49 താല്ക്കാലിക തടയണകളും നിർമ്മിക്കു ന്നതിനും 34 പൊതുകുളങ്ങൾ വൃത്തിയാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ തടയണകൾ നിർമ്മിക്കുന്നതിനും പൊതുകുളങ്ങൾ വൃത്തിയാക്കുന്നതിനും അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly